# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *352 - 16/12/2014 - ലെ മറുപടിക്ക്

**നികുതി വെട്ടിപ്പു സംബന്ധിച്ച പൊതുചെലവ് അവലോകന സമിതിയുടെ റിപ്പോർട്ട്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.റ്റി.എ. റഹീം<br>ശ്രീ.എളമരം കരീം<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.സി.രവീന്ദ്രനാഥ് | **ശ്രീ. കെ. എം. മാണി**<br>**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പ്രതിവർഷം 6,000 മുതൽ 7,000 കോടി രൂപയുടെ വരെ നികുതിവെട്ടിപ്പു നടക്കുന്നതായി സംസ്ഥാന സർക്കാർ നിയമിച്ച പൊതുചെലവ് അവലോകന സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; | പൊതുചെലവ് അവലോകന സമിതിയുടെ റിപ്പോർട്ടിൽ പാര. 3.16-ൽ കേരളത്തിൽ നികുതിവെട്ടിപ്പ് tax potential-ന്റെ 35 ശതമാനമാണ് എന്നനുമാനിച്ചിരിക്കുന്നു. ഈ ശതമാന നിരക്ക് 2011-12 ലെ റവന്യൂ വരുമാനത്തെ ആസ്പദമാക്കി കണക്കു കൂട്ടുമ്പോൾ 6628.59 കോടിയുടെ റവന്യൂ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ഈ പാരയിൽ സമിതി അവലംബമാക്കിയിട്ടുള്ളത് 2003 സി.ഡി.എസ്.-ലെ വർക്കിംഗ് പേപ്പറിനെ ആണ്. അതിൽ 35 ശതമാനം എന്ന് കണക്കാക്കിയത് 2000-01-ലെ സ്ഥിതിയാണ്. പഠനമനുസരിച്ചുള്ള ഈ എസ്റ്റിമേഷൻ വർഷം തോറും വ്യത്യാസപ്പെട്ടിരിക്കും. 2005-ൽ വാററ് നിലവിൽ വന്നശേഷം നികുതി വരുമാനം, Compliance, Buoyancy എന്നിവ കൂടിയിട്ടുണ്ട്. അതിനാൽ 2000-01 ലെ 35 ശതമാനം എന്ന കണക്ക് 2011-12 ലെ സ്ഥിതി അവലോകനം ചെയ്യുന്നതിന് അവലംബിക്കുന്നത് ഉചിതമല്ല. എന്നിരുന്നാലും കിട്ടേണ്ട നികുതിയും യഥാർത്ഥത്തിൽ ലഭിച്ച നികുതിയും തമ്മിൽ നിലനിൽക്കുന്ന അന്തരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് ഏതെല്ലാം മേഖലയിലാണ് നടക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | **വാണിജ്യ നികുതി വകുപ്പ്**<br>സാധാരണയായി നികുതിവരുമാനം കുറയുന്ന മേഖലകൾ കണ്ടെത്തി വിശകലനം ചെയ്യാറുണ്ട്. കഴിഞ്ഞ മാസങ്ങളിൽ ചില പ്രത്യേക മേഖലകളിൽ നികുതി ചോർച്ച സംശയിക്കപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന വ്യാപകമായി പരിശോധന നടത്തുകയും പ്രാഥമിക പരിശോധനയിൽ |

പ്രഥമദൃഷ്ട്യാ 14.05കോടി രൂപയുടെ നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | Inspection Date | Commodity | No. of Shops inspected | Prima-facie suppression detected |
|---|---|---|---|---|
| Deputy Commissioner (Intelligence) Thiruvananthapuram | 08.10.2014 | Automobiles | 32 | 143.3 lakhs |
| | 13.10.2014 | Plywood & Glass | 25 | 193.24 lakhs |
| | 18.10.2014 | Marble & Granite | 26 | 228.12 lakhs |
| | 22.11.2014 | Imported Furniture | 30 | 157.16 lakhs |
| Deputy Commissioner (Intelligence), Ernakulam | 08.10.2014 | Car accessories | 24 | 79.04 lakhs |
| | 13.10.2014 | Glass & Plywood | 24 | 170.9 lakhs |
| | 18.10.2014 | Sanitary items | 22 | 130.03 lakhs |
| | 22.11.2014 | Imported Furniture | 18 | 79.56 lakhs |
| Deputy Commissioner (Intelligence), Kozhikode | 08.10.2014 | Car accessories | 30 | 42.97 lakhs |
| | 13.10.2014 | Glass & Tiles | 23 | 79.26 lakhs |
| | 18.10.2014 | Tiles | 20 | 69.55 lakhs |
| | 22.11.2014 | Imported Furniture | 9 | 31.39 lakhs |

**മോട്ടോർ വാഹന വകുപ്പ്**

മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് ഒരു ആഫീസിൽ രജിസ്റ്റർ ചെയ്ത വാഹനം സീറ്റ് കുറച്ച് കാണിച്ച് മറ്റൊരാഫീസിൽ പേരുമാറുകയും അതുവഴി നികുതി വെട്ടിപ്പ് നടത്തുകയും ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, കേരള മോട്ടോർ വാഹന നികുതിയിൽ നിന്നും രക്ഷനേടുന്നതിനായി ആഡംബര വാഹനങ്ങൾ കേരളത്തെ അപേക്ഷിച്ച് താരതമ്യേന നികുതി നിരക്ക് കുറഞ്ഞ അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തതിന് ശേഷം കേരളത്തിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (സി) എങ്കിൽ ഇത്തരത്തിൽ നികുതിവെട്ടിപ്പു നടക്കുന്നതു തടയുന്നതിനുള്ള സംവിധാനം പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | നികുതി വെട്ടിപ്പു തടയുന്നതിനുള്ള സംവിധാനം പരാജയപ്പെട്ടിട്ടില്ല |

| | |
|---|---|
| (ഡി) ഈ കണ്ടെത്തലിനെ തുടർന്ന് എന്തു പുതിയ നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ? | മേൽക്കണ്ടെത്തലുകളെത്തുടർന്ന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**<u>വാണിജ്യ നികുതി വകുപ്പ്</u>**<br>നികുതി അടയ്ക്കുന്നത് ഒഴിവാക്കുന്നതിനായി ചരക്ക് ഇല്ലാത്ത വണ്ടികൾ ചെക്പോസ്റ്റു വഴി കടന്നു പോകുന്ന പ്രവണത ഒഴിവാക്കുന്നതിനായി നിരീക്ഷണ ക്യാമറ, ശക്തിയേറിയ സ്കാനർ, ചെക്പോസ്റ്റുകളുടെ കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റ് പരിശോധന, സെലക്ടീവായ വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ, ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർചെക്കിംഗും, കുടിശ്ശിക പിരിവ്, നികുതി ചോർച്ച ഉള്ള മേഖലകൾ പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കി കട പരിശോധന, വാഹന പരിശോധന തുടങ്ങിയ നടപടികൾ ഊർജ്ജിതപ്പെടുത്തുകയും റബ്ബറിന്റെ ഉൽപാദനവും ഇതിൻമേലുള്ള വാറ്റ് ലഭ്യതയും തമ്മിലുള്ള കടുത്ത അന്തരം പരിഹരിക്കുന്നതിനായി റബ്ബർ ബോർഡുമായി സഹകരിച്ച് നികുതി വെട്ടിപ്പ് തടയാനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>**<u>മോട്ടോർ വാഹന വകുപ്പ്</u>**<br>ടി വകുപ്പിൽ മേൽപരാമർശിച്ച നികുതി വെട്ടിപ്പ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ഇത്തരത്തിലുള്ള തട്ടിപ്പ് നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**